സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

കരട് രേഖ

2021 നവംബർ 20

ആലപ്പുഴ ജില്ലയിൽ കിടങ്ങറ 33 കെ.വി സബ് സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ

അർത്ഥനാധികാരി

കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ ഡിവിഷൻ ആലപ്പുഴ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്

മിസ്സിസ്. പ്രിൻസി ജേക്കബ്
സൗമ്യ നഗർ, ആലിൻച്ചുവട്, ഇടപ്പള്ളി പി.ഒ,
കൊച്ചി, 682 024

ഉള്ളടക്കം

അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം

അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ

അദ്ധ്യായം 3 : പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

അദ്ധ്യായം 4 : സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

അദ്ധ്യായം 5 : ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

അദ്ധ്യായം 6 : സാമൂഹ്യ–സാമ്പത്തിക–സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനഃസ്ഥാപന പ്രദേശവും)

അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

അദ്ധ്യായം10 :സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി–മേൽനോട്ടവും മൂല്യനിർണ്ണയവും

അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

പട്ടികകൾ

പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽപഠന സംഘം

പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ

പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

അദ്ധ്യായം 1

പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ആലപ്പുഴ ജില്ലയിൽ കിടങ്ങറ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം ആണ് നിർദ്ദിഷ്ട പദ്ധതി. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

1.2.സ്ഥലം

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ രാമങ്കരി വില്ലേജിൽ ആണ് നിർദ്ദിഷ്ട പ്രദേശം. ഇത് രാമങ്കരി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും സ്വഭാവവും

രാമങ്കരി വില്ലേജിലെ 620/4-2, 620/4-3 എന്നീ സർവ്വേ നമ്പറുകളിൽപ്പെടുന്ന ഏകദേശം 0.12.90 ഹെക്ടർ ഭൂമി കിടങ്ങറ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച രേഖകൾ പ്രകാരം ഏറ്റെടുക്കപ്പെടുന്ന ഭൂമി "പുരയിടം" വിഭാഗത്തിൽ ഉൾപ്പെടുന്നു.

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

മറ്റ് മാർഗ്ഗങ്ങൾ പരിഗണിച്ചിട്ടില്ല

1.5.സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നു:

- ❖ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് പദ്ധതി പ്രദേശത്തെ ഒരു ഭൂവുടമയെ ബാധിക്കും.

- ഈ ഭൂമിയിൽ നിലവിലുള്ള ഒരു ചെറിയ കെട്ടിടം പൊളിച്ച് മാറ്റപ്പെടും
- ഏകദേശം 18 തെങ്ങുകളും 6 വിവിധ ഇനങ്ങളിൽപ്പെട്ട മരങ്ങളും മുറിച്ച് മാറ്റപ്പെടും.

1.6. ലഘൂകരണ നടപടികൾ

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.

അദ്ധ്യായം 2

പദ്ധതിയുടെ വിശദവിവരങ്ങൾ

2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കുട്ടനാട് പ്രദേശം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഉൾപ്പെടുന്നു. നെല്ലുത്പാദനത്തിൽ കുട്ടനാടിന് കേരളത്തിൽ രണ്ടാം സ്ഥാനം ആണ്. കേരളത്തിൻെറ നെല്ലറയെന്നാണ് കുട്ടനാടിനെ വിശേഷിപ്പിക്കുന്നത്. 2018 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കുട്ടനാട് സബ്സ്റ്റഷൻ ഉൾപ്പെടെ കുട്ടനാട് പ്രദേശം മുഴുവനും മുങ്ങിപ്പോവുകയും ഈ പ്രദേശത്തെ വൈദ്യുതി ഇല്ലാതാവുകയും ചെയ്തു. വെള്ളപ്പൊക്കം മാറിയിട്ടും വൈദ്യുതി പുന:സ്ഥാപിക്കുന്നതിന് കുറെ ദിവസങ്ങൾ എടുത്തു. ഇതിൻെറ വെളിച്ചത്തിൽ ആണ് എലിവേറ്റഡ് സബ് സ്റ്റഷൻെറ ആവശ്യകത ഉണ്ടായത്. കൂടാതെ ഗർഹികാവശ്യങ്ങൾക്കും കാർഷിക ആവശ്യങ്ങൾക്കുമായി വൈദ്യുതിയുടെ ആവശ്യകത ഉയർന്നതിനാൽ കാവാലം സബ് സ്റ്റഷനും കിടങ്ങറ സബ് സ്റ്റഷനും ഡിസൈൻ ചെയ്യപ്പെടുകയും നിർദ്ദിഷ്ട പദ്ധതി ''റിബിൽഡ് കേരള ഇനീഷ്യേറ്റീവ്സ്'' ൽ കുട്ടനാട് പക്കേജിൽ ഉൾപ്പെടുത്തി പദ്ധതി രൂപകൽപന ചെയ്തു.സാമ്പത്തീക നേട്ടങ്ങൾക്ക് ഉപരി സാമൂഹ്യ നേട്ടങ്ങൾക്ക് പ്രാധാന്യം നൽകിയാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

ഈ പദ്ധതിയുടെ നിർവ്വാഹകർ എക്സിക്ക്യൂട്ടീവ് എഞ്ചിനീയർ, കെ. എസ്. ഇ ബി ട്രാൻസ്മിഷൻ ഡിവിഷൻ, ആലപ്പുഴ ആണ്.

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ 33 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ. രാമങ്കരി പഞ്ചായത്തിൻെറ അതിർത്തിയിൽ വരുന്ന രാമങ്കരി വില്ലേജിലെ 620/4-2, 620/4-3 എന്നീ സർവ്വേ നമ്പറുകളിൽ നിന്നുമായി ഏകദേശം 0.1290 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രദേശം രാമങ്കരി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

ചെലവ്:

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 13.6 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

അർത്ഥനാധികാരിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഇതര മാർഗ്ഗങ്ങൾ പരിശോധിച്ചിട്ടില്ല.

2.5. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

കിടങ്ങറ 33 കെ.വി.സബ് സ്റ്റേഷൻ നിർമ്മാണം

2.6 അനുബന്ധസൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

2.7 ആവശ്യമായ തൊഴിൽ ശക്തി

പദ്ധതിയുടെ നിർമ്മാണം ഏറ്റെടുക്കുന്ന കരാറുകാരനായിരിക്കും ഇതിനാവശ്യമായ വിദഗ്ധ, അവിദഗ്ധ തൊഴിൽ ശക്തി ഏർപ്പാടക്കുന്നതിനുള്ള ഉത്തരവാദിത്ത്വം.

2.8. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

അർത്ഥനാധികാരിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പരിസ്ഥിതി/ പത്യാഘാത വിലയിരുത്തൽ പഠനം നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് സാങ്കേതിക പഠനങ്ങൾ നടന്നിട്ടുണ്ട്.

2.9. ബാധകമായ നിയമങ്ങളും നയങ്ങളും

കിടങ്ങറ സബ് സ്റ്റേഷൻ നിർമ്മാണ പദ്ധതിക്കയുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ട പരിഹാരം, പുനരധിവാസം, പുന:സ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം, 2013.
- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കെരള സർക്കാർ –റവന്യൂ (ബി) വകുപ്പ് 23.09.2015 ന് പുറപ്പെടുവിച്ച ഉത്തരവ് നമ്പർ G.O.(MS)No.485/2015/RD പ്രകാരമുള്ള സസ്ഥാന സർക്കാരിൻെറ നയം.
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെG.O(Ms)No.448/2017/RDപ്രകാരം പുറപ്പെടുവിച്ചകേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

അദ്ധ്യായം 3

പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) 4–ാം വകുപ്പ്, 1–ാം ഉപവകുപ്പ്, സമുചിത സർക്കാർ പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ (എസ്.ഐ.എ) പഠനം നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം ആലപ്പുഴ ജില്ലയിലെ കിടങ്ങറ സബ് സ്റ്റേഷൻ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിൻെറ ഭാഗമായി സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിനും വേണ്ടിയുള്ള എസ്.ഐ.എ യൂണിറ്റായി ശ്രീമതി.പ്രിൻസി ജേക്കബിനെ ചുമതലപ്പെടുത്തി. (അവലംബം: 13.10.2021 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം നമ്പർ 3002)

3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

നിർദ്ദിഷ്ട സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പ്രത്യേകിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പരിചയമുള്ളവരേയും മതിയായ യോഗ്യത ഉള്ളവരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്കു നിശ്ചിത ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നൽകി. പഠന സംഘത്തിൻെറ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽപഠന സംഘം

ക്രമ നമ്പർ	പേര്	വിദ്യാഭ്യാസയോഗ്യത, പദവി	പ്രവർത്തനപരിചയം
1	പ്രിൻസി ജേക്കബ്	എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ, എസ്.ഐ.എ യൂണിറ്റ്	വികസനമേഖലയിൽ 23 വർഷം.

2	മിഥുൻ മാത്യു	എം.എസ്.ഡബ്ല്യൂ, റിസർച്ച് അസോസിയേറ്റ്	വികസനമേഖ ലയിൽ 4 വർഷം

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പഠന സംഘം പദ്ധതി ബാധിത പ്രദേശം സന്ദർശിക്കുകയും റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച രേഖകളും ഭൂമി ഏറ്റെടുക്കൽ കല്ലിൻെറ വിന്യാസ പ്രകാരവുമാണ് പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തയ്യാറാക്കിയത്. വിവരശേഖരണത്തിൻെറ ഭാഗമായി പദ്ധതി ബാധിത കുടുംബത്തിൻെറ സാമൂഹ്യ സാമ്പത്തിക സർവ്വേയും പ്രാദേശിക സ്വയം ഭരണ പ്രതിനിധിയുമായി അഭിമുഖം നടത്തുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിയുടെ വിവരങ്ങൾ കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴയിൽ നിന്നും ശേഖരിച്ചു. പ്രാഥമിക. ദ്വിതീയ മാർഗ്ഗങ്ങളിലൂടെ ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത ശേഷമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കിയിരിക്കുന്നത്.

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതി ബാധിതമാകുന്ന ഒരു കുടുംബത്തെ മാത്രമേ ബാധിക്കുന്നുള്ളൂ. അവരെ വിവരശേഖരണത്തിൽ ഉൾപ്പെടുത്തി. പ്രാദേശിക സ്വയം ഭരണ പ്രതിനിധി യുമായി ചർച്ച ചെയ്യുകയും ചെയ്തു.

3.4 വിവര സ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

പ്രാഥമിക സ്രോതസ്സുകളേയും ദ്വിതീയ സ്രോതസ്സുകളേയും ആശ്രയിച്ചാണ് പഠന സംഘം വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരിൽനിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിടങ്ങൾ. റവന്യൂ വകുപ്പിൽനിന്നും ലഭിച്ച ഭൂരേഖകളും കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴയിൽ നിന്നും പദ്ധതിയെ സംബന്ധിച്ച് ലഭിച്ച വിവരങ്ങളുമാണ് ദ്വിതീയ ഉറവിടങ്ങൾ.

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

പട്ടിക3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ

തീയതി	പ്രവർത്തനങ്ങൾ
13.10.2021	ഗസറ്റ് വിഞ്ജാപനം 4(1)
06.11.2021	അർത്ഥനാധികരിയുടെ പ്രതിനിധിയുമായി പദ്ധതിപ്രദേശത്ത് സംയുക്ത സന്ദർശനം
10.11.2021	പദ്ധതി ബാധിത കുടുംബത്തിൻെറ വിവര ശേഖരണം
14.11.2021	പബ്ലിക് ഹിയറിംഗ് സംബന്ധിച്ചുള്ള പത്ര വിജ്ഞാപനം
29.11..2021	പബ്ലിക് ഹിയറിംഗ്

അദ്ധ്യായം 4

സ്ഥലത്തിൻെറമൂല്യനിർണ്ണയം

4.1.ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയുംസഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം



നിർദ്ദിഷ്ട പദ്ധതിക്കായി 0.129 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ രാമങ്കരി വില്ലേജിൽ ഉൾപ്പെട്ടതാണ് പദ്ധതിപ്രദേശം. ഈ പ്രദേശം രാമങ്കരി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. കുട്ടനാടിൻെറ തെക്ക്-കിഴക്ക് ഭാഗത്തുള്ള കിടങ്ങറ-ചക്കുളത്തുകാവ് ടെമ്പിൾ റോഡിൻെറ വശങ്ങളിലായി കിടങ്ങറ ജംഗ്ഷനിൽ നിന്നും ഒരു കിലൊ മീറ്റർ മാറിയാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം.

4.2 പദ്ധതിയുടെ സ്വാധീനം മൂലം പ്രത്യാഘാത ബാധിതമാകുന്നമൊത്തം പ്രദേശം

നിലവിലെ ഭൂമി ഏറ്റെടുക്കൽ കല്ലുകളുടെ വിന്യാസം അനുസരിച്ചും പ്രദേശത്തുനിന്നും സ്വീകരിച്ച വിവരങ്ങൾ പ്രകാരവും ഒരു കുടുംബത്തെയാണ് നിർദ്ദിഷ്ട പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നത്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഭൂവുടമകളായ കുടുംബങ്ങൾ പദ്ധതിബാധിതരിൽ ഉൾപ്പെടുന്നു.

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

0.1290 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ആവശ്യമായി വരുന്ന മൊത്തം ഭൂമി.

4.4.പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

ഇല്ല.

4.5.പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്നഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതിയ്ക്കുവേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പാട്ടത്തിത്തിനെടുക്കുകയോ ചെയ്തിട്ടില്ല.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി ‘‘പുരയിടം’’ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഈ ഭൂമി ആലപ്പുഴ ജില്ലയിലെ രാമങ്കരി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

ഈ ഭൂമിയിൽ വീടുകളോ താമസക്കാരോ ഇല്ല. ഒരു ചെറിയ കെട്ടിടവും കായ് ഫലമുള്ള വിവിധ മരങ്ങളും ഉണ്ട്. ഈ ഭൂമി ബിസിനസ്സ് ആവശ്യങ്ങൾക്കായി വാടകക്ക് കൊടുത്തിട്ടുള്ളതാണ്.

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്,

അവിടെ താമസിക്കുന്നവരുടെ എണ്ണം

റവന്യൂവകുപ്പിൽനിന്നും ലഭിച്ചവിവരങ്ങളും, ഭൂരേഖകളും ആഘാതബാധിതരിൽനിന്നുംലഭിച്ച വിവരങ്ങളിൽനിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി ഒരു സ്വകാര്യവ്യക്തിയുടേതാണെന്നാണ്.

4.9 കഴിഞ്ഞ 3 വർഷക്കാലത്തെഭൂമികൈമാറ്റവും, വിലയും, ഉപയോഗവും

വിവരദാതാക്കളിൽനിന്ന് ലഭിച്ച വിവരപ്രകാരം മൂന്നു വർഷത്തിനിടയിൽ വസ്തുക്കളിൽ ഉടമസ്ഥാവകാശം കൈമാറ്റം നടന്നിട്ടില്ല.

അദ്ധ്യായം 5

ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പ്രസ്തുത പദ്ധതിമൂലം പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽവിവരിക്കുന്നത്.

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1പദ്ധതിയുടെ പ്രത്യക്ഷപ്രത്യാഘാതബാധിത കുടുംബങ്ങൾ

(ഏറ്റെടുക്കപ്പെടുന്നസ്ഥലത്തിൻെറ ഉടമകൾ)

2013 ലെ ആക്റ്റിൻെറ സെക്ഷൻ 3 പ്രകാരം പദ്ധതിബാധിത കുടുംബങ്ങൾ എന്നുപറയുന്നത് വസ്തുവകകൾ നഷ്ടമാകുന്നവരോ, ആ പ്രദേശത്ത് കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരോ, മൂന്നുവർഷത്തിലധികമായി വാടകയ്ക്ക് താമസിക്കുന്നവരോ, ഉപജീവനമാർഗ്ഗം നഷ്ടമാകുന്നവരോ ആണ്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ ഉടമസ്ഥതയുള്ള ഒരു കുടുംബം ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ വാടകക്ക് ബിസിനസ്സ് നടത്തുന്ന ഒരു കുടുംബമുണ്ടെങ്കിലും ഇതു സംബന്ധിച്ച് മതിയയ രേഖകൾ ഇല്ല. ഭൂവുടമയുടെ പേര്- **പ്ലാവേലിൽ തോമസ് വർഗീസ്.**

5.1.2 പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യപശ്ചാത്തലം:

പദ്ധതിബാധിതമാകുന്ന കുടുംബം പൊതു വിഭാഗത്തിൽ ഉൾപ്പെടുന്നു. കുടുംബത്തിലെ രണ്ടു പേരും പത്താം ക്ലാസ്സ് വിദ്യാഭ്യാസം ഉള്ളവരാണ്. പ്രായാധിക്യം മൂലം തൊഴിലൊന്നും ചെയ്യുന്നില്ല.

5.2 വനാവകാശം നഷ്ടപ്പെടുന്നപട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

പദ്ധതി പ്രദേശത്ത് പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തിയിട്ടില്ല

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നത് മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

ഇല്ല.

5.4 കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ചസ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

ഇല്ല.

5.5. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

പദ്ധതി പ്രദേശത്ത് ആരും താമസിക്കുന്നില്ല.

5.6. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

ആഘാത ബാധിതമാകുന്ന കുടുംബങ്ങൾ നൽകിയ വിവരങ്ങൾ പ്രകാരം പദ്ധതിയുടെ പ്രത്യക്ഷാഘാതം നേരിടുന്നവരിൽ ആരുടേയും മുഖ്യ ജീവനോപാധി നഷ്ടപ്പെടുന്നില്ല,

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

പരോക്ഷഘാതം നേരിടുന്ന ഒരു കുടുംബം ഉണ്ട്. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ കോൺക്രീറ്റ് റിങ്ങുകൾ നിർമ്മിക്കുന്ന യൂണിറ്റ് വാടകക്ക് നടത്തുന്ന വ്യക്തിയുടെ കുടുംബം ഈ പദ്ധതിയുടെ പരോക്ഷാഘാതം നേരിടും. ഭൂവുടമ നൽകിയ വിവരങ്ങൾ പ്രകാരം നിലവിൽ വാടകക്ക് നടത്തുന്നതിൻെറ രേഖകൾ ഇല്ല എന്നറിയുവാൻ കഴിഞ്ഞു.

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവര പട്ടിക

പദ്ധതി പ്രദേശത്തെ ഒരു സർവ്വേ നമ്പറിൽപ്പെടുന്ന ഭൂമി പൂർണ്ണമായും ഏറ്റെറ്റുക്കപ്പെടും. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ കോൺക്രീറ്റ് റിങ്ങുകൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് വാടകക്ക് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഫലദായകമായ 12 തെങ്ങും വേറെ 6 മരങ്ങളും ഉണ്ട്. തെങ്ങ് ഒഴിച്ചുള്ള മരങ്ങൾ വിൽപന ചെയ്തിട്ടുള്ളതാണ്.

അദ്ധ്യായം 6

സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

ഒരു പുരുഷനും ഒരു സ്ത്രീയും ഉൾപ്പെടുന്ന 2 അംഗങ്ങങ്ങളുള്ള ഒരു കുടുംബത്തെയാണ് ഈ പദ്ധതി ബാധിതമാകുന്നത്. ഇരുവരും 71 വയസ്സ് പ്രായമുള്ളവരാണ്.

6.2. പദ്ധതി ബാധിത കുടുംബങ്ങളുടെ വരുമാനവും ദാരിദ്ര്യ തലവും

പൊതു വിതരണ സംവിധാനം അനുസരിച്ച് പദ്ധതി ബാധിത കുടുമത്തിന് നീല റേഷൻ കാർഡാണുള്ളത്. കുടുംബനാഥൻ പ്രവാസി ആയിരുന്നു. ഇപ്പോൽ രോഗ ബാധിതനായി കിടപ്പിൽ ആണ്. ഏറ്റെടുക്കുന്ന ഭൂമിയിലെ ഫലവൃക്ഷങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനവും ഏറ്റെടുക്കുന്ന ഭൂമിയിലെ വാടകയിനത്തിൽ ലഭിക്കുന്ന തുകയും ആണ് ഈ കുടുംബത്തിൻെറ വരുമാനം.

6.3 ദുർബ്ബലജനവിഭാഗം

60 വസിനു മുകളിലുള്ള 2 വൃദ്ധർ ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു.

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവന മാർഗ്ഗവും

ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ താമസം ഇല്ല. ഏറ്റെടുക്കുവൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ഫലദായകമായ തെങ്ങുകൾ ഉണ്ട്. ഒരു ചെറിയ കെട്ടിടവും ഉണ്ട്. ഈ ഭൂമി ബിസിനസ്സ് ആവശ്യത്തിനായി വാടകക്ക് കൊടുത്തിരിക്കുന്നതാണ്. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം കുടുംബത്തിൻെറ ഒരു വരുമാന സ്രോതസ്സാണ്.

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

നെൽകൃഷി, തെങ്ങ് തുടങ്ങിയ കൃഷികൾ ആണ് ഈ പ്രദേശത്തെ മുഖ്യ വരുമാന മാർഗ്ഗം. ഏറ്റെടുക്കുവൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ഫലദായകമായ തെങ്ങുകൾ ഉണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമൂലം വാടകയിനത്തിലും ഫലദായക

വൃക്ഷങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം ഈ കുടുംബത്തിന് ഇല്ലാതാകും. പക്ഷെ ഭൂമി ഏറ്റെടുക്കുന്നതിനോട് ഈ കുടുംബത്തിന് അനുകൂല നിലപാടാണ്.

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

നെൽകൃഷി, തെങ്ങ് തുടങ്ങിയ കൃഷികൾ ആണ് ഈ പ്രദേശത്തെ മുഖ്യ ഉപജീവന മാർഗ്ഗം. പദ്ധതിമൂലം ഇവയൊന്നും ആഘാത ബാധിതമാകുന്നില്ല.

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി ബാധിത കുടുംബം അണുകുടുംബമാണ്. പദ്ധതി പ്രദേശത്ത് സാമൂഹിക സാംസ്കാരിക സംഘടനകളൊന്നും ആഘാത ബാധിതമാകുന്നില്ല.

6.8 ഭരണ സംഘടനകൾ

ഭരണ സ്ഥാപനങ്ങളൊന്നും ആഘാത ബാധിതമാകുന്നില്ല.

6.9 രാഷ്ട്രീയ സംഘടനകൾ

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം രാഷ്ട്രീയ സംഘടനകളൊന്നും ആഘാത ബാധിതമാകുന്നില്ല.

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും പദ്ധതി ആഘാത ബാധിതമാകുന്നില്ല.

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

നിർദ്ദിഷ്ട പ്രദേശത്തെ ജനങ്ങൾ മുൻകാലങ്ങളിൽ നെൽകൃഷിയിലായിരുന്നു മുഖ്യമായും ഏർപ്പെട്ടിരുന്നത്. കാലാവസ്ഥയിലുണ്ടായ മാറ്റങ്ങൾ മൂലവും വെള്ളപ്പൊക്കവും നെൽകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ജനങ്ങൾ സമൂഹ്യമായും സമ്പത്തീകമായും പിന്നോക്കാവസഥയിൽ ഉള്ളവരാണ്. ഭൂമിയുടെ ഉടമസ്ഥൻ ഈ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല. പദ്ധതി പ്രദേശം വെള്ളപ്പൊക്കത്തിൻെറ ഭീഷണി സ്ഥിരമായി നേരിടുന്ന ഭാഗാമാണ്. സമുദ്രനിരപ്പിൽ നിന്നും വളരെ താഴെയുള്ള പ്രദേശം ആയതിനാൽ മഴക്കാലങ്ങളിൽ ഈ പ്രദേശക്കാരുടെ ദൈനംദിനാവശ്യങ്ങൾക്കയുള്ള യാത്ര വളരെ ക്ലേശകരമാണ്.

അദ്ധ്യായം 7

സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമുഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും നിർബന്ധമാണ്. അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ തിരിച്ചറിയുകയും പദ്ധതിയുടെ സാമൂഹ്യ നേട്ടങ്ങൾ വർദ്ധിപ്പിക്കുക, സാമൂഹ്യ പ്രത്യാഘാത വിപരീത ഫലങ്ങൾ ലഘൂകരരിക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് വയ്ക്കുക എന്നിവയാണ് എസ്.ഐ.എ.യുടെ ലക്ഷ്യങ്ങൾ. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനറിപ്പോർട്ടും സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിൻെറയും ഭാഗമായി പഠന സംഘം പദ്ധതി ബാധിത ഭൂവുടമയിൽ നിന്നും പദ്ധതി പ്രദേശത്തെ വാർഡ് പ്രതിനിധിയിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു.

7.2ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ളമാർഗ്ഗങ്ങൾ

പ്രത്യാഘാതങ്ങൾ ഏറ്റവും കുറവ് ഉണ്ടാകുന്ന വിധത്തിലാണ് പ്രസ്തുത പദ്ധതി അർത് നാധികാരി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിബാധിതമാകുന്ന കുടുംബത്തിന് ഉണ്ടാവാനിടയുള്ള പ്രത്യാഘാതങ്ങൾ കുറക്കുന്നതിന് താഴെ പറയുന്ന നടപടി സ്വീകരിക്കാവുന്നതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം നൽകൽ നടപടികൾ കൈക്കൊള്ളുക.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം നഷ്ടപരിഹാരം നൽകൽ നടപടികൾ കൈക്കൊള്ളേണ്ടത്.

7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം ഉൾപ്പെടെ പദ്ധതിയുടെ മൊത്തം ചിലവ് പ്രതീക്ഷിക്കുന്നത് 13.8 കോടി രൂപയാണ്.

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

ബാധകമല്ല

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017ന് പുറപ്പെടുവിച്ച വിഞ്ജാപനം G.O(Ms) No.448/2017/RDപ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ

നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

പ്രത്യാഘാതം	**പ്രത്യാഘാതനിയന്ത്രണം**	**സമയക്രമം**
ഭൂമി നഷ്ടപ്പെടൽ	നഷ്ടപരിഹാരം (**RFCTLARR നിയമം 2013** ഒന്നാം പട്ടികപ്രകാരം)	കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം.
ഫല വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം	അനുയോജ്യമായ നഷ്ടപരിഹാരം നൽകുക	കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം.
മാലിന്യ സംസ്കരണം	നിർമ്മാണ ഘട്ടത്തിൽ	

	ഉണ്ടായേക്കാനിടയുള്ള മാലിന്യങ്ങൾ സമയാധിഷ്ടിതമായി നിർമ്മാർജ്ജനം ചെയ്യുക	

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാതനിയന്ത്രണ ആസൂത്രണം

ബാധകമല്ല

അദ്ധ്യായം 8

സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപനസംവിധാനം

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളത്തിലെ RFCTLARR ചട്ടങ്ങൾ, 2015, ഗവൺമെൻറ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാപന ഘടനകളെയും ലഘൂകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു.

ഭൂമി ഏറ്റെടുക്കപ്പെടുന്ന ദുരിത ബാധിതരായ കുടുംബങ്ങൾക്ക് പുനരധിവാസ-പുന:സ്ഥാപന പദ്ധതിയും തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്ററാണെന്ന് RFCTLARR ആക്റ്റ്, 2013 നിർവ്വചിക്കുന്നു. പുനരധിവാസ-പുനസ്ഥാപനപദ്ധതിയുടെ രൂപീകരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഉചിതമായ സർക്കാരിൻെറയും പുനരധിവാസ കമ്മീഷണറുടേയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കലിനായി നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ അലപ്പുഴ ജില്ലയുടെ ഡെപ്യൂട്ടി കളക്ടർ (എൽ.എ, ജനറൽ) ആണ്.

പുനരധിവാസ, പുന:സ്ഥാപന പദ്ധതികളുടെ മേൽനോട്ടത്തിനും, വിലയിരുത്തലിനുമായി പദ്ധതി തലത്തിൽ ഒരു പുനരധിവാസ, പുന:സ്ഥാപന കമ്മിറ്റിയുടെ രൂപീകരണത്തിന് RFCTLARR ആക്ട്, 2013 ൻെറ 45-ാം വകുപ്പും, കേരളത്തിലെ RFCTLARR ചട്ടങ്ങൾ, 2015 ലെ ചട്ടം 23 ഉം ശുപാർശ ചെയ്യുന്നു. 23/09/2015 ന് പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ.485/2015ആർഡി പ്രകാരമുള്ള കേരള സംസ്ഥാന നയം അനുസരിച്ച് ഭൂമി ഏറ്റെടുക്കലിൻെറ നഷ്ടപരിഹാരത്തിനും

സുതാര്യതയ്ക്കും വേണ്ടി ജില്ലാ തലത്തിൽ താഴെ പറയുന്ന കമ്മിറ്റികൾക്കാണ് പുനരധിവാസ–പുന:സ്ഥാപന പ്രവർത്തനങ്ങളുടെ നിരീക്ഷണ ഉത്തരവാദിത്വം:

- ജില്ലാ കളക്ടർ
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അധികാരി
- ഭൂമി ഏറ്റെടുക്കൽ അധികാരി
- ധനകാര്യ ഓഫീസർ
- ധനകാര്യ തീരുമാനങ്ങളെടുക്കുന്നതിനുള്ള അർത്ഥനാധികാരിയുടെ പ്രതിനിധി
- പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങളിലെ പ്രതിനിധികൾ

8.2. ഗവർണ്മെന്റേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

ഓരോ പ്രവർത്തനവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമമനുസരിച്ചായിരിക്കും.

അദ്ധ്യായം 9

സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ പദ്ധതിയുടെ മൊത്തം ചെലവ് പ്രതീക്ഷിക്കുന്നത് 13.6 കോടി രൂപയാണ്.

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

നിർദ്ദിഷ്ട ഭൂമി എറ്റെടുക്കലിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്ന അഡ്മിനിസ്ട്രേറ്ററാണ് വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും തയ്യാറാക്കേണ്ടത്.

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

''റിബിൽഡ് കേരള ഇനീഷ്യേറ്റീവ്സ്'' ന്റെ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കേരള സർക്കാരിന്റെ ധനസഹായത്തൊടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

അദ്ധ്യായം 10

സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

നിലവിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രധാന സൂചികകൾ താഴെ പറയുന്നു:

- പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും എടുക്കുന്ന സമയം.
- പദ്ധതി ആഘാത കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക സമയാധിഷ്ടിതമായി നൽകൽ
- സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ.

10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

സ്വതന്ത്രമായ ഒരു വിലയിരുത്തലും വിഭാവനം ചെയ്യുന്നില്ല. RFCTLARR Act, 2013 പ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥർ പ്രക്രിയ വിലയിരുത്തും.

അദ്ധ്യായം 11

നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം.

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിലെ രാമങ്കരി വില്ലേജിലുൾപ്പെടുന്ന കിടങ്ങറയിൽ 33 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. ഈ പദ്ധതി. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം, 2013 വകുപ്പ് 2(b)(i) പ്രകാരം ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

നിർദ്ദിഷ്ട പദ്ധതി ഒരു കുടുംബത്തെ പ്രത്യക്ഷമായി ബാധിക്കുന്നു. 0.12.90 ഹെക്ടർ ഭൂമിയാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. 2ു സർവ്വേ നമ്പറുകളിൽപ്പെടുന്ന വസ്തുവിനെ ഭൂമി ഏറ്റെടുക്കൽ മൊത്തമായി ബാധിക്കും.ഈ പദ്ധതിക്കായി ഭൂമി ഏറ്റെറ്റുക്കുന്നതുമൂലം ആരും തന്നെ പദ്ധതി പ്രദേശത്ത് നിന്നും കുടി ഒഴിപ്പിക്കപ്പെടുകയൊ വീടുകൾ പൊളിച്ചു മാറ്റപ്പെടുകയോ ചെയ്യുന്നില്ല. ഈ പദ്ധതിയുടെ പ്രയോജനം കുട്ടനാട് പ്രദേശത്തെ വളരെ അധികം ജനങ്ങൾക്ക് ലഭിക്കും.

സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ കൈക്കൊള്ളുകയാണെങ്കിൽ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ കുറയ്ക്കുവാൻ കഴിയും.

താഴെ വിവരിക്കുന്ന ശുപാർശകൾ പദ്ധതിയുടെ ആഘാതം ദുരീകരിക്കുന്നതിന് പഠന സംഘം നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013,

ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിത കുടുംബത്തിനുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

മുകളിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിലും പദ്ധതിയുടെ ഗുണങ്ങളും ദോഷങ്ങളും തുലനം ചെയ്തതിനു ശേഷവും ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ദുരീകരണ നടപടികൾ യഥാവിധം നടപ്പിലാക്കിയാൽ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ ഇതിൻെറ വിപരീതപ്രത്യാഘാതങ്ങളേക്കാൾ കുടുതലായിരിക്കുമെന്ന നിഗമനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഏകകണ്ഠമായി എത്തിച്ചേരുന്നു.ആയതിനാൽ നിലവിലെ പദ്ധതി അനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുവാൻ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനയൂണിറ്റ് ശുപാർശ ചെയ്യുന്നു.